**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 765** **10-06-2021 - ൽ മറുപടിയ്ക്ക്**

**ബസ് ബേ/ബസ് ടെർമിനൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി വലിയപാലത്തോട് ചേർന്നുള്ള ബസ്സ്ബേ/ ബസ് ടെർമിനൽ നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ടി പ്രവൃത്തിയുടെ മണ്ണ് പരിശോധന നടത്തി റിപ്പോർട്ട് പരിശോധിച്ച് വരുന്നു. |
| (ബി) | ഈ പദ്ധതിക്ക് എത്ര തുകയുടെ എസ്റ്റിമേറ്റും ഡി.പി.ആറുമാണ് വകുപ്പ് തയ്യാറാക്കിയിട്ടുള്ളതെന്നും ഇതിന്റെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്നും അറിയിക്കാമോ; | (ബി) | ബസ്ബേയുടെ ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ DPR തയ്യാറാക്കുവാൻ കഴിയുകയുള്ളൂ. DPR തയ്യാറാക്കുന്നതിനുള്ള ചുമതല പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്കാണ്. |
| (സി) | പ്രസ്തുത പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ഈ ഫയൽ ഇപ്പോൾ ഏത് ഉദ്യോഗസ്ഥന്റെ പരിഗണനയിലാണുള്ളതെന്നും ആയതിന്റെ ഫയൽ നമ്പരും തപാൽ കമ്പ്യൂട്ടർ നമ്പരും അറിയിക്കുമോ; | (സി) | ലഭ്യമായിട്ടില്ല. ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തിയുടെ DPR തയ്യാറാക്കി PRICE ഫയൽ രൂപീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ഡി) | ഈ പദ്ധതിക്ക് പ്രൈസ് ഐ.ഡി നമ്പർ 2018/2238 പ്രകാരം സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് റോഡ് വിഭാഗം ചീഫ് എഞ്ചിനീയർ 3/8/2018 ലെ 2073/2018 പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനുശേഷം പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ? | (ഡി) | PRICE ID RD/2018/2238 എന്നത് ബസ്ബേയുടെ മണ്ണ് പരിശോധനയുടെ എസ്റ്റിമേറ്റ് ആണ്. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ 03.08.2018-ലെ കത്ത് സർക്കാരിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ